സാധാരണക്കാർക്ക് പ്രാപ്തമായ വിലയിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദശത്തോടുകൂടി തികച്ചും ലളിതവും പ്രായോഗികവുമായ നിയമ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെല്ലിന്റെ താങ്ങുവില

180 (3930) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നെല്ലിന്റെ എം.എസ്.പി. 50 രൂപ കൂട്ടിയത് കാരണം കേരളത്തിലെ കൃഷിക്കാർക്ക് നിലവിൽ നല്കിവരുന്ന 19 രൂപയിൽ എത്ര രൂപ കൂടുതൽ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) താങ്ങുവില നല്കി നെല്ല് സംഭരിച്ചയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ എത്ര രൂപയാണ് നൽകുവാനുള്ളത് ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിനുവേണ്ടി വിവിധ ബാങ്കുകളിൽ നിന്ന് എത്ര രൂപ കടമെടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത കടത്തിന് ഓരോ ബാങ്കിലേയും പലിശ നിരക്ക് എത്രയാണ് ;

(ഇ) ഈ വർഷത്തെയും അടുത്ത രണ്ടാംവിളയിലേയും നെല്ല് താങ്ങുവിലയ്ക്ക് സംഭരിക്കുവാൻ എത്ര രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(എഫ്) ഇതിൽ എത്ര രൂപയാണ് ഈ ബഡ്ജറ്റിൽ താങ്ങുവിലയ്ക്കുവേണ്ടി നീക്കിവച്ചിരിക്കുന്നത് ?

ഉത്തരം

(എ) നെല്ലിന്റെ എം.എസ്.പി. ക്വിന്റലിന് 50 രൂപ വർദ്ധിപ്പിച്ചതടക്കം കേന്ദ്ര സർക്കാരിന്റെ താങ്ങുവില ക്വിന്റലിന് 1410 രൂപ മാത്രമാണ്. എന്നാൽ സംസ്ഥാന സർക്കാർ നൽകുന്ന സംഭരണ വില ഇപ്പോൾതന്നെ ക്വിന്റലിന് 1900 രൂപയാണ്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) താങ്ങുവില നല്കി നെല്ല് സംഭരിച്ചയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാരിൽ നിന്നും 188.51 കോടി രൂപ നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നെൽ വില നൽകുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിവിധ ബാങ്കുകളിൽ നിന്ന് കടമെടുത്ത വിവരങ്ങൾ താഴെ കൊടുക്കുന്നു:

ഫെഡറൽ ബാങ്ക്	152 കോടി
തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	100 കോടി
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	100 കോടി
കാനറ ബാങ്ക്	25 കോടി

(ഡി) വിവിധ ബാങ്കുകളുടെ പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

ഫെഡറൽ ബാങ്ക്	9.95%
തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	9.75%
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	9.25%
കാനറ ബാങ്ക്	10%

(ഇ) 2015-16 സാമ്പത്തിക വർഷം താങ്ങുവില നൽകി നെല്ല് സംഭരിക്കുന്നതിനായി ഏകദേശം 370 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

(എഫ്) 2015-16 സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി 190 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാവേലി റേഷൻകട

181 (3931) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും ഒരു മാവേലി റേഷൻകട പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മുഴുവൻ നിയോജകമണ്ഡലത്തിലും അനുവദിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ഏതെല്ലാം നിയോജക മണ്ഡലത്തിൽ ബാക്കിയുണ്ട് എന്ന് വിശദമാക്കാമോ ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചതെന്ന് അറിയിക്കുമോ ; ഇതിനായി ബഡ്ജറ്റിൽ നിന്ന് എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly